# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല - ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് - ശൂരനാട് വില്ലേജ് - **പെട്രോൾ പമ്പ് നിർമ്മാണം -** ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/10/2019 ലെ എസ്-5/3619/19 നമ്പർ കത്തും 06/12/2019 ലെ നമ്പറില്ലാത്ത കത്തും.

2. കൊല്ലം ജില്ലാ ടൗൺ പ്ലാനറുടെ 06/11/2019, 11/12/2019 എന്നീ തീയതികളിലെ യഥാക്രമം TCPKLM/822/2019-C, TCPKLM/948/2019-C

എന്നീ

നമ്പർ കത്തുകൾ

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2723/2019 -C3** തീയതി : **09/01/2020**

---

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ശൂരനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 7 -ൽ റീ സർവ്വേ നമ്പർ 4/3 -ൽ ഉൾപ്പെട്ട അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 2435 ച.മീ. ആകെ വസ്തുവിൽ നിന്നും 940 ച.മീ സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 34.98 ച.മീ., കനോപ്പി 204 ച.മീ. ഉൾപ്പെടെ 238. 98 ച.മീ. ആകെ വിസ്തീർണ്ണം വരുന്ന **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. റ്റി.വി. ജോർജ്ജ്,** എബി ഭവൻ, പതാരം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും, നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചു കൊണ്ടാണ് നടത്തുന്നതെന്നും സെക്രട്ടറി ഉറപ്പാക്കണം.
2. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം.
3. കെ.പി.ബി. ആർ 2011 ലെ ചട്ടം 61 (6) പ്രകാരം അഗ്നിശമന സേന ഡയറക്ടറുടെ

എൻ.ഒ.സിയും 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.

4. പെട്രോൾ ടാങ്കിന്റെയും, വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
5. ടി നിർമ്മാണം 2008-ലെ explosive ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
6. ചട്ടം 61 (16) പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ചട്ടം 61 (17) പ്രകാരം ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
7. 61 (8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
8. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി. ആർ 2011 - നും അനുബന്ധ ഭേദഗതികൾക്കും 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം KLU ഓർഡർ തുടങ്ങിയ മറ്റ് ബാധകമായ നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
9. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അംഗീകാരം നേടിയിരിക്കണം.
10. ടി നിർമ്മാണം മൂലം ക്ഷേത്രാചാരങ്ങൾക്ക് തടസ്സം നേരിടുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. Buffer strip 12.00 x3.00. m എന്ന അളവിൽ റോഡിനു മധ്യഭാഗത്തുനിന്നും 6 മീറ്റർ മാറ്റി നിർമ്മിക്കേണ്ടതാണ്.
12. മറ്റ് NOC കളിലെ നിബന്ധനകൾ മുഴുവൻ പാലിച്ചിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **06/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. റ്റി.വി. ജോർജ്ജ്, എബി ഭവൻ, പതാരം,ശൂരനാട് സൗത്ത്,കുന്നത്തൂർ, കൊല്ലം
2. ടൗൺ പ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ